(ബി) ഇതിനായി ഓരോ മന്ത്രിമാർക്കുംവേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(സി) മന്ത്രിമാരെ അനുഗമിച്ചും, അല്ലാതെയും ഏതൊക്കെ ഉദ്യോഗസ്ഥരാണ് വിദേശയാത്ര നടത്തിയത്;

(ഡി) ഇതിനായി ഓരോ ഉദ്യോഗസ്ഥർക്കുംവേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ;

(ഇ) ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് മന്ത്രിമാർ വിദേശയാത്ര നടത്തിയതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വശ്രീ ജി. കാർത്തികേയൻ, കടവൂർ ശിവദാസൻ, ബാബു ദിവാകരൻ, കെ. വി. തോമസ്, വി. കെ. കുഞ്ഞാവിക്കുട്ടി, പെർക്കളം അബ്ദുള്ള, കെ. എം. മാണി, നാലകത്ത് സൂപ്പി, എം. കെ. മുനീർ, എം. വി. രാഘവൻ, വി. ശങ്കരൻ, കെ. ബി. ഗണേഷ് കുമാർ, ടി. എം. ജേക്കബ്, വക്കം പുരുഷോത്തമൻ, എ. പി. അനിൽകുമാർ, ആര്യാടൻ മുഹമ്മദ്, ഡൊമിനിക് പ്രസന്റേഷൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, കെ. കുട്ടി അഹമ്മദ് കുട്ടി, ഇ. റ്റി. മുഹമ്മദ് ബഷീർ, എം. എം. ഹസ്സൻ, ആർ. ബാലകൃഷ്ണപിള്ള, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. സി. വേണുഗോപാൽ, ശ്രീമതി കെ. ആർ. ഗൗരിയമ്മ തുടങ്ങിയ മന്ത്രിമാരെ കൂടാതെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും വിദേശയാത്ര നടത്തിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

മന്ത്രിമാരുടെ ചെലവ്

81 [21] *ശ്രീ ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും ലാന്റ് ഫോൺ, മൊബൈൽ ഫോൺ, യാത്രാപ്പടി, അതിഥി സൽക്കാരം എന്നീ ഇനങ്ങളിൽ എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും എന്ത് തുകവീതം ചെലവഴിച്ചുവെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും വിമാനയാത്രാക്കൂലിയിനത്തിൽ എത്രതുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ; പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും എത്ര തവണ വിദേശയാത്ര നടത്തിയിട്ടുണ്ടെന്നും അത് ഏതൊക്കെ രാജ്യങ്ങളിലായിരുന്നു വെന്നും അറിയിക്കാമോ?

ഉത്തരം

(എ) ലാന്റ് ഫോൺ, മൊബൈൽ ഫോൺ എന്നീ ഇനങ്ങളിൽ ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. യാത്രാപ്പടി ഇനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. അതിഥി സൽക്കാരം സംബന്ധിച്ച വിവരം അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.†

(ബി) റീഇംബേഴ്സ്മെന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്.†

(സി) വിമാന യാത്രാക്കൂലിയിനത്തിൽ ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം V ആയി ചേർത്തിട്ടുണ്ട്†. പ്രസ്തുത കാലയളവിൽ നടത്തിയ വിദേശയാത്ര സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

മന്ത്രിമാരുടെ വിദേശയാത്ര

82 [22] *ശ്രീ. കെ. ബി. ഗണേഷ് കുമാർ:*
" *ടി. എം. ജേക്കബ്:*
" *ആർ. ബാലകൃഷ്ണപിള്ള:*
" *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയടക്കം എത്ര മന്ത്രിമാർ വിദേശയാത്ര നടത്തിയിട്ടുണ്ടെന്നും, അവർ ആരെല്ലാമെന്നും അറിയിക്കുമോ;

(ബി) അവർ സന്ദർശിച്ച രാജ്യങ്ങൾ ഏതെല്ലാം;

(സി) മന്ത്രിമാർ വിദേശയാത്ര നടത്തുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയും പ്രധാനമന്ത്രിയുടെ ക്ലിയറൻസും വാങ്ങണമെന്നുള്ള നിബന്ധന പാലിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) ഔദ്യോഗികമായും, സ്വകാര്യമായും വിദേശരാജ്യങ്ങൾ സന്ദർശിക്കുന്നതിന് മന്ത്രിമാർ പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണ്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly